# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

നമ്പർ-F1/14291/18 തീയതി- 28.09.2018

## സർക്കുലർ നമ്പർ 33/ 2018-2019

വിഷയം- സംസ്ഥാനത്തെ പ്രളയക്കെടുതി ദുരിതാശ്വാസം- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നത് -മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 11.09.2018 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 144/2018/ധന ഉത്തരവ്.

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായിട്ടുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുരുങ്ങിയത് മുപ്പതിനായിരം കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുള്ളതായും ഇതിൽ പതിനായിരം കോടി രൂപയോളം റവന്യൂ വരുമാനത്തിലൂടെ സമാഹരിക്കുവാനും, സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും പെൻഷകാരുടെ ഒരുമാസത്തെ പെൻഷനും വഴി 3800 കോടി രൂപയോളം സമാഹരിക്കുവാൻ കഴിയുമെന്നും ഈ സാഹചര്യത്തിൽ സംസ്ഥാന ജീവൻക്കാരും മറ്റു വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം/വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് ബഹു: മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാന ജീവനക്കാരും മറ്റു വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം/വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നത് സംബന്ധിച്ച് സൂചന ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശങ്ങൾ ബോർഡിന് അനുയോജ്യമായ രീതിയിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തി താഴെ പറയുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു മാസത്തെ ശമ്പള തുക കണക്കാക്കേണ്ടത് 2018 സെപ്റ്റംബർ മാസത്തെ ഗ്രോസ്സ് സാലറി അടിസ്ഥാനമാക്കിയാണ്.
2. ഒരു മാസത്തെ ആകെ ശമ്പളത്തിന് തുല്യമായ തുക പരമാവധി 10 ഗഡുക്കളായി നൽകാവുന്നതാണ്.
3. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ജീവനക്കാർ മുമ്പ് സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ ശമ്പളത്തുകയിൽ നിന്നും കുറവ് വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി സ്വീകരിക്കുന്നതാണ്.ഇതിനായി ജീവനക്കാർ രസീത് സഹിതം അപേക്ഷ നൽകേണ്ടതാണ്.
4. ഇൻകം ടാക്സ് റൂൾ 80 ജി പ്രകാരം ഇളവിന് അർഹതയുള്ളവർക്ക് അതത് സാമ്പത്തിക വർഷം ഇളവ് നൽകേണ്ടതാണ്.
5. ജീവനക്കാർ ശമ്പളത്തിൽ നിന്നും സംഭാവനയായി നൽകുന്ന തുക 2018 സെപ്റ്റംബർ മാസത്തെ ശമ്പളം മുതൽ കുറവ് വരുത്തി തുടങ്ങേണ്ടതാണ്.
6. ജീവനക്കാർക്ക് തങ്ങളുടെ കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ടിൽ നിന്നും സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക ദുരിതാശ്വാസ നിധിയിലേയ്ക്ക് അടയ്ക്കാവുന്നതാണ്. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.
7. ജീവനക്കാർക്ക് താൽപര്യമുള്ള പക്ഷം, ഒരു മാസത്തെ ശമ്പളം നൽകുന്നതിന് പകരമായി സെപ്റ്റംബർ മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകാവുന്നതാണ്. എന്നാൽ നടപ്പുസാമ്പത്തിക വർഷം ഒരു പ്രാവശ്യം സറണ്ടർ ചെയ്ത് കഴിഞ്ഞ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ 30 ദിവസ്സത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നു. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

8. പത്ത് മാസം കൊണ്ട് ഗ്രോസ് സാലറി സംഭാവന ചെയ്യാൻ സാധിക്കാത്ത ജീവനക്കാർക്ക് സി.പി.എഫ്. വായ്പ്പാ തിരിച്ചടവിന് സെപ്റ്റംബർ 2018 ലെ ശമ്പളം മുതൽ പത്ത് മാസത്തേയ്ക്ക് അവധി അനുവദിക്കുന്നു. എന്നാൽ തിരിച്ചടവ് കാലാവധിക്ക് മുമ്പ് റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ തിരിച്ചടവിൽ ബാക്കിയുള്ള തുക അവരുടെ ഡി.സി.ആർ.ജി.യിൽ ക്രമീകരിക്കുന്നതായിരിക്കും.
9. ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് അർഹതയുള്ള ജീവനക്കാരുടെ കുടിശ്ശിക ഇതിലേയ്ക്ക് വരവ് ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ളവരുടെ കുടിശ്ശിക ഇതിലേയ്ക്ക് വരവ് ചെയ്തതിന് ശേഷം ബാക്കിയുള്ള തുക ഒറ്റ തവണയായോ പരമാവധി 10 ഗഡുക്കളായോ നൽകാവുന്നതാണ്.
10. ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകുന്നതിന് വിമുഖതയുള്ള ജീവനക്കാർ ഒഴികെ ബാക്കി എല്ലാ ജീവനക്കാരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകേണ്ടതാണ്. സംഭാവനയായി നൽകുന്നതിന് വിമുഖതയുള്ള ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന പ്രസ്താവന സെപ്റ്റംബർ മാസം ഇരുപത്തിയൊമ്പതാം തിയതിയ്ക്ക് മുമ്പേ അറിയിക്കേണ്ടതാണ്.
11. സംഭാവന നൽകാൻ സമ്മതമല്ല എന്ന പ്രസ്താവന സമർപ്പിച്ച ജീവനക്കാർ ഒഴികെയുള്ളവരുടെ സംഭാവന ബന്ധപ്പെട്ട ശമ്പള വിതരണ ഉദ്യോഗസ്ഥർ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

മേൽ തുക സി.എം.ഡി.ആർ.എഫിലേയ്ക്ക് നൽകുന്നത് സംബന്ധിച്ച് തുടർനിർദ്ദേശം നൽകുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/C)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/ഏരിയ കമ്മിറ്റി ചെയർമാന്മാരും.

പ്രസ്താവന

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ ഒരു മാസത്തെ ശമ്പളത്തിന് തുല്യമായ തുക നൽകുന്നതിന് സമ്മതമല്ലെന്ന് അറിയിക്കുന്നു.

തീയതി: പേര്:

സ്ഥലം : പെൻ:

ഉദ്യോഗപ്പേര്:

ഓഫീസ്:

// ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്